**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6404** **10-11-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾക്ക് ഫെസിലിറ്റേഷൻ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി. ടി. എ. റഹീം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിക്ക് ശേഷം സംസ്ഥാനത്തേക്ക് തിരിച്ചുവരുന്ന അതിഥി തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്തേക്ക് ജോലിക്കായി വരുന്ന എല്ലാ അതിഥി തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിനായി ഒരു പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുള്ളതും ടി ആപ്ലിക്കേഷൻ മുഖേന സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്നതിന് മുൻപ് തന്നെ അവരുടെ വിവരങ്ങൾ വകുപ്പിന് ലഭിക്കുന്നതിന് സഹായകമാകുകയും ചെയ്യും. |
| (ബി) | അതിഥി തൊഴിലാളികൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലകളിൽ ആരംഭിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽ ജില്ലകളിൽ സെന്ററുകൾ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | അതിഥി തൊഴിലാളികൾക്കായി ആരംഭിച്ച അപ്നാ ഘർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | അതിഥി തൊഴിലാളികൾക്കായി വൃത്തിയുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ സൗകര്യം അവർക്ക് താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കുക എന്നതാണ് "അപ്നാഘർ" പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. പങ്കുവയ്ക്കപ്പെടുന്ന കിടപ്പ മുറികളും, ഒന്നിലധികം അടുക്കളകളും, മെസ്സ് ഏരിയകളും, കുളിമുറികളും, ടോയിലറ്റുകളും റിക്രിയേഷണൽ സൗകര്യങ്ങളും ഈ പദ്ധതിയിൽ രൂപകല്പന ചെയ്തിട്ടുണ്ട്. കൂടാതെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സി.സി.ടി.വി സംവിധാനങ്ങളുമുണ്ട്. നിലവിൽ 620 കിടക്കകളോട് കൂടിയ "അപ്നാഘർ" പാലക്കാട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി, പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിൽ കിനാലൂരിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. "അപ്നാഘർ" കിനാലൂരിൽ ഫേസ് 1ന്റെ ആദ്യഘട്ടത്തിൽ 88 കിടക്കകളുള്ള താഴത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ